**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലുമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലുമാക്കാൻ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും തൊഴിലിനെ ബാധിക്കാത്ത വിധം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്നതിനാവശ്യമായ വെബ്ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ് എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചു. ഈ സംവിധാനം നിലവിൽ വരുന്നതോടു കൂടി ആധാര കക്ഷികളുടെ ഫോട്ടോയും, വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിലെ പുറത്തെഴുത്തായി വരുന്നു. ഈ സൗകര്യം നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പരീക്ഷണ പരിപാടി സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നു വരുന്നു.<br><br>2. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് 01/04/2023 മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിരുന്നു. ഇതിന്റെ പരീക്ഷണ പരിപാടിയും സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നു വരുന്നു.<br><br>3. ഒരു ജില്ലയിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന രീതിയിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "Anywhere Registration" സൗകര്യം നടപ്പിലാക്കിയിരുന്നു.<br><br>4. വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുവാൻ അനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനാവശ്യമായ നിയമ ഭേദഗതിയും നടപ്പിലാക്കിയിരുന്നു.<br><br>5. ആധാരത്തോടൊപ്പം സമർപ്പിക്കേണ്ട ഫയലിംഗ് ഷീറ്റുകൾ A3-യിൽ നിന്നും A4-ലേക്ക് രൂപമാറ്റം നടത്തിയിരുന്നു.<br><br>6. ഫയലിംഗ് ഷീറ്റുകൾ കമ്പ്യൂട്ടറിൽ സുഗമമായി പ്രിന്റ് ചെയ്യുന്നതിനായി വരയില്ലാത്ത ഫയലിംഗ് ഷീറ്റുകൾ അച്ചടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കി പോക്കുവരവ് ഉൾപ്പെടെയുള്ള തുടർനടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ ആധാര രജിസ്ട്രേഷൻ നടത്തുന്നതിനോടൊപ്പം പോക്കുവരവും തത്സമയം നടത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സംവിധാനവും റവന്യൂ വകുപ്പിന്റെ ReLIS സംവിധാനവും തമ്മിൽ സംയോജിപ്പിച്ചു കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന വേളയിൽത്തന്നെ ആധാരങ്ങളുടെ ഡിജിറ്റൽ പകർപ്പ് സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. കേരളത്തിലെ ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളുടെ സേവനങ്ങൾക്കായി "എന്റെ ഭൂമി" എന്ന പേരിൽ ഏക ജാലക പോർട്ടലിന്റെ രൂപകല്പന പുരോഗമിക്കുന്നു. ഈ പോർട്ടൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടത്തുന്നതിനായി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ സ്കെച്ച് "എന്റെ ഭൂമി" പോർട്ടലിൽ നിന്നു തന്നെ തയ്യാറാക്കിക്കൊണ്ട് പ്രസ്തുത പോർട്ടലിൽ ലഭ്യമായിട്ടുള്ള ആധാര മാതൃകകൾ ഉപയോഗിച്ച് കമ്പ്യൂട്ടർ മുഖാന്തരം ആധാരം തയ്യാറാക്കാവുന്നതും ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ പോക്കുവരവ് നടപടികൾ ആധാരം രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ നടത്താവുന്നതുമാണ്. രജിസ്ട്രേഷൻ വകുപ്പിൽ ഇതിനായി എല്ലാ സബ് രജിസ്ട്രാർ ഓഫീസിലും വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡുകൾ എന്നിവയുടെ വിതരണം പൂർത്തിയായിട്ടുള്ളതുമാണ്. രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയയുടെ ഭാഗമായുള്ള പുറത്തെഴുത്തുകൾ ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഈ സംവിധാനത്തിലൂടെയുള്ള സേവനം തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനായി രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതിയും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ